9001
29/9/20

# കേരള സർക്കാർ

**സംഗ്രഹം**

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - പ്രളയം 2018 – പ്രളയക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും തുക അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

## റവന്യൂ (ഡി.ആർ.എഫ്. - ബി) വകുപ്പ്

സ.ഉ. (സാധാ) നം. 2924/2020 /റവ. തിരുവനന്തപുരം, തീയതി, 22.09.2020

==========================================================================

പരാമർശം:- 1. സ.ഉ.(സാധാ) നം.2855/2019/റവ. തീയതി 14.10.2019.
2. ധനകാര്യ (ഫണ്ട്സ്) വകുപ്പിന്റെ 20.12.2019 തീയതിയിലെ 121/ഫണ്ട്സ്1/2019/ധന. നമ്പർ കത്ത്.
3. തൃശ്ശൂർ ജില്ലാ കളക്ടറുടെ 06.07.2020 തീയതിയിലെ DCTSR/5578/2020-A13 കത്ത്.

## ഉത്തരവ്

2018 ലെ പ്രളയക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ ആവശ്യപ്പെട്ട പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും പരാമർശം (1) പ്രകാരം 28,01,72,600/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്ക് ജില്ലാ കളക്ടർമാർക്ക് അനുവദിച്ച തുക ജില്ല–താലൂക്ക് തലത്തിലുള്ള ബാങ്ക് അക്കൗണ്ടുകളിൽ വിതരണത്തിനായി ബാക്കി നിൽപ്പുണ്ട് എന്ന് കണ്ടെത്തിയതിനെ തുടർന്ന് ജില്ല–താലൂക്ക് തലങ്ങളിലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ബാങ്ക് അക്കൗണ്ടിൽ ഇനിയും വിതരണത്തിനായി അവശേഷിക്കുന്ന തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ സ്പെഷ്യൽ ടി.എസ്.ബി/ടി.എസ്.ബി അക്കൗണ്ടിലേയ്ക്ക് മാറ്റിയതിന് ശേഷം ഈ ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതും സ്പെഷ്യൽ ടി.എസ്.ബി/ടി.എസ്.ബി അക്കൗണ്ടിലെ തുക ഗുണഭോക്താവിന് വിതരണം നടത്തേണ്ടതും ശേഷം അവശേഷിക്കുന്ന തുക അടിയന്തരമായി തിരുവനന്തപുരം ജില്ലാ ട്രഷറിയിലുള്ള മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ പ്രധാന ട്രഷറി അക്കൗണ്ടായ TPA-701010200000080 ലേക്ക് തിരികെ അടയ്ക്കാനും ധനകാര്യ ഫണ്ട്സ് വകുപ്പ് പരാമർശം (2) പ്രകാരം ആവശ്യപ്പെട്ടതിനെ തുടർന്ന് ചാവക്കാട് തഹസിൽദാർ പ്രളയ പുനർനിർമ്മാണത്തിനായി ജില്ലാ കളക്ടർ അനുവദിച്ച് നൽകിയ 15 കോടി രൂപയിൽ നിന്നും പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങൾക്കായി 07.01.2019 തീയതി വരെ ചെലവഴിച്ച 2 കോടി രൂപ കഴിച്ച് ബാക്കി തുകയായ 13 കോടി രൂപ ട്രഷറിയിൽ ധനകാര്യ ഫണ്ട്സ് വകുപ്പ് നിർദ്ദേശിച്ചിരുന്ന ട്രഷറി അക്കൗണ്ടിൽ നിക്ഷേപിച്ചു.

3. എന്നാൽ ഈ സാമ്പത്തിക വർഷത്തിൽ പ്രളയ പുനർനിർമ്മാണ പ്രവർത്തനങ്ങളുടെ ഭാഗമായി ചാവക്കാട് താലൂക്കിലെ വീടുകൾക്ക് നാശനഷ്ടം സംഭവിച്ചവർക്ക് ധനസഹായം വിതരണം ചെയ്യേണ്ടതുണ്ടെന്നും ആയതിലേയ്ക്കായി 5,80,00,000/- രൂപ അനുവദിക്കണമെന്നും തൃശ്ശൂർ ജില്ലാ കളക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിട്ടുണ്ട്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. 2018 പ്രളയക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ വീടുകൾക്കുണ്ടായ നാശനഷ്ടം പരിഹരിക്കുന്നതിനായി തൃശ്ശൂർ ജില്ലാ കളക്ടർ

ആവശ്യപ്പെട്ടപ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 5,80,00,000/- രൂപ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

5. വിതരണത്തിനാവശ്യമായിവരുന്ന **5,80,00,000/- രൂപ (അഞ്ചു കോടി എൺപത് ലക്ഷം രൂപ മാത്രം)** 2075-00-800-40 contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി ഖജാൻജിയായ ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് ,സെക്രട്ടറിയുടെ പേരിലുള്ള അക്കൗണ്ടിൽ നിന്നും തുക തൃശ്ശൂർ ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും ജില്ലാ കളക്ടർ തുക വിതരണം ചെയ്യുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**സന്തോഷ് കുമാർ.ടി.കെ**
**ജോയിന്റ് സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി , ഒബ്സർവേറ്ററി ഹിൽസ് വികാസ് ഭവൻ, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി (മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
ജില്ലാ ട്രഷറി ഓഫീസർ, തൃശ്ശൂർ (ട്രഷറി ഡയറക്ടർ, തിരുവനന്തപുരം മുഖാന്തിരം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ് /എ & ഇ ) കേരള തിരുവനന്തപുരം
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ. യ്ക്ക്
റവന്യൂ (ഡി ആർ എഫ് - എ, സി) വകുപ്പ്
ദുരന്ത നിവാരണ (എ, ബി ) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ്/ന്യൂ മീഡിയ) വകുപ്പ്.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

T. [signature]

**സെക്ഷൻ ഓഫീസർ**